പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.493 | 23.07.2015 ൽ മറുപടിയ്ക്ക് |

# യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ. ശ്രീ.കെ.എസ്. ശബരീനാഥൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യ ങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) സാഹിത്യം, സാമൂഹിക പ്രവർത്തനം,സംരംഭകത്വം, കായികം, കല, മാധ്യമ പ്രവർത്തനം, കൃഷി എന്നീ 7 മേഖലകളിൽ പ്രവർത്തിക്കുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക, അതുവഴി അവരെ കൂടുതൽ കർമ്മോത്സുകരാക്കുക എന്നീ ലക്ഷ്യങ്ങളാണ് സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം കൊണ്ട് ലക്ഷ്യമാക്കുന്നത്. യുവജനങ്ങളിൽ വിവിധ മേഖലകളിൽ കഴിഞ്ഞ 2 വർഷത്തെ പ്രവൃത്തി പരിചയം കണക്കാക്കുകയും അവയിൽ നിന്ന് ഏറ്റവും യോഗ്യരായ അപേക്ഷകർക്ക് അവാർഡ് നൽകുകയും ചെയ്യുന്നു. |
| സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്? | സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം എന്ന പേരിൽ യൂത്ത് അവാർഡ് നൽകി വരുന്നു. സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരത്തിന് (സാഹിത്യം, കല, കായികം, കൃഷി, സംരംഭകത്വം, സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം) പത്ര പരസ്യം നൽകുകയും അവാർഡിനായി നിശ്ചിത അപേക്ഷാ ഫോമിൽ അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നു. അതാത് മേഖലയിൽ പ്രഗത്ഭരായ 3 വ്യക്തികളെ ജൂറി അംഗമായി ബോർഡിന്റെ ചെയർമാനായ ബഹു. യുവജനകാര്യ വകുപ്പ് മന്ത്രി തെരഞ്ഞെടുക്കുന്നു. പ്രസ്തുത ജൂറി അംഗങ്ങൾ അപേക്ഷകൾ |

വിശകലനം ചെയ്യുകയും മികച്ച അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. ലഭിച്ച അപേക്ഷയിൽ മികവുള്ളതും പ്രാപ്തിയുള്ളതുമായ അപേക്ഷകർ ഇല്ലെങ്കിൽ ജൂറിക്ക് നേരിട്ട് അപേക്ഷകൾ വാങ്ങാവുന്നതും പരിഗണിക്കാവുന്നതുമാണ്. കൂടാതെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ജൂറിക്ക് തന്നെ ഏറ്റവും ശ്രേഷ്ഠവും മികവുറ്റതുമായ അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കാവുന്നതാണ്. അവാർഡിന് തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് 50,001/- രൂപയും പ്രശസ്തി പത്രവും നൽകി വരുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മികച്ച യുവജന ക്ലബ്ബുകൾക്കും അവാർഡ് നൽകി വരുന്നു. ജില്ലാതലങ്ങളിൽ ലഭിക്കുന്ന അപേക്ഷ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രം വഴി സ്വീകരിക്കുകയും ജില്ലാ കളക്ടർ ചെയർമാനായുള്ള ജൂറി, ലഭിച്ച അപേക്ഷകളിൽനിന്ന് മികച്ച ക്ലബ്ബിനെ ജില്ലാതല യുവജനക്ലബ്ബ് അവാർഡിനായി തെരഞ്ഞെടുക്കുന്നു. ഇങ്ങനെ 14 ജില്ലകളിൽ നിന്നും അവാർഡിനർഹരായ ക്ലബ്ബുകളിൽ നിന്ന് ഏറ്റവും മികച്ച ക്ലബ്ബിനെ സംസ്ഥാനതല അവാർഡിനായി തെരഞ്ഞെടുക്കുന്നു.

സെക്ഷൻ ഓഫീസർ